(ബി) പുതിയ വിജ്ഞാപനത്തിലൂടെ കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുവാനുള്ള അവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ഡി) കൂടുതൽ ഇനങ്ങളിലെ കായികതാരങ്ങളെ പരിഗണിക്കുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്; പരിശോധിച്ചുവരുന്നു.

(ഡി) ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 22-6-2005-ലെ 28620/എസ്.ഡി1/05/പൊ.ഭ.വ. എന്ന നമ്പറിലെ വിജ്ഞാപനത്തിൽ മാറ്റം വരുത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വാട്ടർ ചാർജ് കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾ

*12 [464] *ശ്രീ. തന്നാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കളിൽനിന്നും വാട്ടർ ചാർജിനത്തിൽ വാട്ടർ അതോറിറ്റിക്ക് എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക വരുത്തുന്ന ഗാർഹിക ഉപഭോക്താക്കളുടെ വാട്ടർ കണക്ഷൻ വിച്ഛേദിക്കാറുണ്ടോ;

(സി) എങ്കിൽ എന്തു തുകയിൽ കൂടുതൽ കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനാണ് ഇപ്രകാരം വിച്ഛേദിക്കുന്നത്;

(ഡി) ഇവർക്ക് തവണകളായി തുക അടച്ചുതീർക്കുന്നതിന് അനുവാദം നൽകാറുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) വാട്ടർ അതോറിറ്റിക്ക് ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് 31-5-2005 വരെ 55.30 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) കുടിശ്ശിക തുക എത്രമാത്രമുണ്ട് എന്നതുമാത്രം പരിഗണിച്ചല്ല കണക്ഷൻ വിച്ഛേദിക്കുന്നത്. ബില്ലുകളും വിച്ഛേദിക്കൽ നോട്ടീസുകളും നൽകിയിട്ടും കുടിശ്ശിക അടയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ മാത്രമേ വിച്ഛേദിക്കാറുള്ളൂ.

(ഡി) വെള്ളക്കര കുടിശ്ശിക തുക തവണകളായി അടച്ചുതീർക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം നൽകാറുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സാമ്പത്തിക ബാദ്ധ്യതകൾ

1 [3254] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്തെ എത്ര തുകയുടെ സാമ്പത്തിക ബാദ്ധ്യതകൾ ഈ സർക്കാർ അടച്ചുതീർത്തുവെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സാമ്പത്തിക ബാദ്ധ്യതകൾ തീർക്കുന്നതിനും പുതുതായി തുടങ്ങിയ പദ്ധതികൾക്കുവേണ്ടിയും എത്ര തുക ഈ സർക്കാരിന് പുതുതായി കടം എടുക്കേണ്ടിവന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വായ്പകൾ ഉൾപ്പെടെ ഈ കാലയളവിലെ തിരിച്ചടയ്ക്കേണ്ടതായ എല്ലാ വായ്പകളും തിരിച്ചടച്ചിട്ടുണ്ട്. ആയതിലേക്കായി 6572.16* കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സാമ്പത്തിക ബാദ്ധ്യതകൾ തീർക്കുന്നതിനും പുതുതായി തുടങ്ങിയ പദ്ധതികൾക്കുവേണ്ടിയും 31-3-2005 വരെ 12828.14* കോടി രൂപ കടമെടുത്തിട്ടുണ്ട്.

---

*അക്കൗണ്ടന്റ് ജനറലിന്റെ 31-3-2005-ലെ സപ്ലിമെന്ററി കണക്കുൾപ്പെടെ.

LIBRARY ARCHIVES Kerala Legislative Assembly